(ബി) ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പീരുമേട് താലൂക്കിലെ വാഗമർ വില്ലേജിലെ രജിസ്ട്രേഷൻ പീരുമേട് സബ് രജിസ്ട്രാർ ഓഫീസിൽ തന്നെയാണ് നടക്കുന്നത്. ഏലപ്പാറ വില്ലേജിലെ രജിസ്ട്രേഷൻ കട്ടപ്പനയിൽ നിന്നും മാറ്റി പീരുമേട് സബ്രജിസ്ട്രാർ ഓഫീസിൽ ആക്കുന്നതിന് ഒരു പ്രൊപ്പോസൽ ഉണ്ട്.

(ബി) മേൽപ്പറഞ്ഞ കാര്യം പരിശോധിച്ചുവരുന്നു.

പീരുമേട് സബ്രജിസ്ട്രാർ ഓഫീസിന് വെയിറ്റിംഗ് ഷെഡ്

262 (289) ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് സബ്രജിസ്ട്രാർ ഓഫീസിന് ഒരു വെയിറ്റിംഗ് ഷെഡ് പണിയുന്നതിനുള്ള എസ്റ്റിമേറ്റ് അയച്ചിട്ടുണ്ടോ;

(ബി) ഇതു അംഗീകരിച്ച് വെയിറ്റിംഗ് ഷെഡ് പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കിഴക്കേകല്ലടയിലെ സബ് രജിസ്ട്രാർ ഓഫീസ്

263 [290] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേകല്ലടയിൽ ഒരു സബ്രജിസ്ട്രാർ ഓഫീസ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly